കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചങ്ങനാശ്ശേരി നഗരസഭ - സാനിട്ടറി വർക്കർ ശ്രീ. എം. മുരുകന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് പലിശരഹിത വായ്പ അനുവദിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(കൈ) നം.3682/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 09.12.2015

================================================================

പരാമർശം:- 1) ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 29.09.2015-ലെ H4/12681/2015 നമ്പർ കത്ത്.
2) നഗരകാര്യ ഡയറക്ടറുടെ 13.10.2015-ലെ ഡി.സി1/22437/15 നമ്പർ കത്ത്.

**ഉത്തരവ്**

ചങ്ങനാശ്ശേരി നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരനായ ശ്രീ. എം. മുരുകന് ഹൃദയ സംബന്ധമായ അസുഖത്തിന് കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ചികിത്സ നടത്തുന്നതിനായി പലിശ രഹിത വായ്പയിനത്തിൽ 1,00,000/- രൂപ മുൻകൂറായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരമുള്ള അപേക്ഷയുടേയും ടിയാന്റെ ചികിത്സയ്ക്ക് ടി തുക ആവശ്യമാണെന്ന് കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജ് കാർഡിയോളജി വിഭാഗം സർട്ടിഫൈ ചെയ്തതിന്റേയും അടിസ്ഥാനത്തിൽ പ്രസ്തുത തുക മുൻകൂർ പലിശരഹിത വായ്പയായി അനുവദിക്കുന്നതിന് അനുമതിയുണ്ടാകണമെന്ന് പരാമർശം (2) -ലെ കത്ത് മുഖാന്തിരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചങ്ങനാശ്ശേരി നഗരസഭയിലെ സാനിട്ടറി വർക്കർ ശ്രീ. എം. മുരുകന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്കായി 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം), നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് മുൻകൂർ പലിശ രഹിത വായ്പയായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
സോണിയ വാഷിംഗ്ടൺ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ.
ശ്രീ. എം. മുരുകൻ, സാനിട്ടറി വർക്കർ, ചങ്ങനാശ്ശേരി നഗരസഭ.
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ